**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2592** **06-10-2025 - ൽ മറുപടിയ്ക്ക്**

**ജി. എസ്. ടി. എൻഫോഴ്സ്മെന്റ് സ്ക്വാഡുകളിൽ വനിതാ ജീവനക്കാരെ ഉൾപ്പെടുത്തുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ജി. എസ്. ടി. വകുപ്പിൽ പുതിയതായി രൂപീകരിച്ച എൻഫോഴ്സ്മെന്റ് സ്ക്വാഡുകളിൽ വനിതാ ജീവനക്കാരെ ഉൾപ്പെടുത്താതിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏത് സാഹചര്യത്തിലാണ് വനിതാ ജീവനക്കാരെ ഒഴിവാക്കിയതെന്ന് വ്യക്തമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എൻഫോഴ്സ്മെന്റ് സ്ക്വാഡുകളിൽ വനിതകളെ ഉൾപ്പെടുത്തില്ലായെന്ന നയപരമായ തീരുമാനം എടുത്തിട്ടില്ല. |
| (ബി) | വനിതാ ജീവനക്കാരെ എൻഫോഴ്സ്മെന്റ് പ്രവൃത്തികൾക്ക് നിയോഗിക്കേണ്ടതില്ല എന്ന് വകുപ്പ് തീരുമാനിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത നടപടി അടിയന്തരമായി റദ്ദാക്കുമോ; വിശദാംശം വ്യക്തമാക്കുമോ; | (ബി) | തീരുമാനിച്ചിട്ടില്ല. |
| (സി) | എൻഫോഴ്സ്മെന്റ് ജോലികൾക്ക് താല്പര്യമറിയിച്ചിട്ടുള്ള വനിതാ ഉദ്യോഗസ്ഥരെ കൂടി ഉൾപ്പെടുത്തി സ്ക്വാഡുകൾ പുനസംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | എൻഫോഴ്സിമെന്റ് സ്ക്വാഡുകളിൽ വനിതാ ജീവനക്കാരെ ഉൾപ്പെടുത്തുന്നതിനുള്ള സാദ്ധ്യതകൾ പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ